ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/2370/2025-EG3 (EG)** തീയതി: **02-04-2025**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിലുള്ള സർക്കാർ പോളിടെക്നിക് കോളേജുകളിലെ സീനിയർ ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം- സംബന്ധിച്ച്.

സൂചന :- 1. **G.O. (P) No. 503/2012/H.Edn** തീയതി **12.10.2012.**
2. അനൌദ്യോഗിക കുറിപ്പ് നമ്പർ **EB1/2067/2025/DTE** നമ്പർ തീയതി , **11-03-2025.**

ഈ വകുപ്പിന് കീഴിലുള്ള സർക്കാർ പോളിടെക്നിക് കോളേജുകളിലെ സീനിയർ ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നത് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന യോഗ്യരായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഉദ്യോഗകയറ്റം മുഖേനയാണ്. ആയതിനാൽ ടി ജീവനക്കാരുടെ മുൻഗണന പട്ടിക തയ്യാറാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടം (സൂചന 1) പ്രകാരം സീനിയർ ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയുടെ നിയമന യോഗ്യത ചുവടെ ചേർക്കുന്നു.

**(1) First Class Bachelor's Degree in Commerce from any recognized University after undergoing regular institutional course of study.**
**(2) Diploma in Commercial Practice awarded / recognized by Government of Kerala after undergoing three years of regular institutional course of study.**

ബന്ധപ്പെട്ട ജീവനക്കാർ ഇതോടൊപ്പമുള്ള മാതൃകയിൽ വിവരങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം, ഈ സർക്കുലർ പ്രസിദ്ധീകരിച്ച് **10** ദിവസത്തിനകം ഈ ഓഫീസിൽ ലഭിക്കത്തക്കവിധം സ്ഥാപനമേധാവി മുഖാന്തിരം അയച്ചുനൽകുവാൻ നിർദ്ദേശിക്കുന്നു. സ്ഥാപനമേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതും ആയത് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി ആവശ്യമായ ശുപാർശ സഹിതം മേൽപ്പറഞ്ഞ സമയക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

നിലവിലുള്ള വിശേഷാൽ ചട്ടം പ്രകാരം **regular institutional course of study** യിലൂടെ യോഗ്യത നേടിയിട്ടുള്ളവരാണ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട്ഹാൻഡ് തസ്തികയിലേക്ക് നിയമനത്തിന് യോഗ്യരായിട്ടുള്ളത്. അതിനാൽ ടി ജീവനക്കാർ ആർജ്ജിച്ചിട്ടുള്ള യോഗ്യതകളുടെ പഠന രീതി തെളിയിക്കുന്ന രേഖ കൂടി സമർപ്പിക്കേണ്ടതാണ്.

**PROFORMA**

**(vide circular no. DTETVM/2370/2025-EG3 (EG) dated 02-04-2025)**

| | | | |
|---|---|---|---|
| 1 | Name | | |
| 2 | Date of Birth | | |
| 3 | Qualification | General | |
| | | Technical | |
| 4 | Mode of appointment | | PSC / Compassionate / By promotion / By transfer / Inter District Transfer / Inter Department Transfer / Any other method (specify) |
| 5 | Opted District (if District wise appointment) | | |
| 6 | No. & Date of PSC Advice (Copy should be attached) | | |
| 7 | No. & Date of Appointment Order (Copy should be attached) | | |
| 8 | Date of joining in the post of Instructor in Shorthand | | |
| 9 | Date of regularization of appointment in the post of Instructor in Shorthand | | |
| 10 | Date of declaration of probation in the post of Instructor in Shorthand (Copy of the order should be attached) | | |
| 11 | Details regarding LWA / Deputation / Disciplinary action / Department level or Vigilance enquiry if any | | |
| 12 | Phone Number | | |
| 13 | Other remarks if any | | |

**Place:** **Signature:**

**Date:** **Name:**

**CERTIFICATE**

**Certified that the details furnished above is verified with the Service Book concerned and found correct.**

**Place:**

**Signature with Seal of the Head of institution**

**Date:**

**SHALIJ P R**

**DIRECTOR**

Signed by
Shalij P R
Date: 02-04-2025 21:49:40

സ്വീകർത്താവ്

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട്, EB സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.